**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2160** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>സിൽവർലൈൻ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
ശ്രീ. ടി. ജെ. വിനോദ്
ശ്രീ. റോജി എം. ജോൺ
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സിൽവർലൈൻ പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

**<u>മറുപടി:</u>** പദ്ധതിയുടെ സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് നിക്ഷേപപൂർവ്വ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനു തത്വത്തിലുള്ള അംഗീകാരം കേന്ദ്ര റെയിൽ മന്ത്രാലയത്തിൽ നിന്നും ലഭിച്ചിരുന്നു. തുടർന്ന് 63,941 കോടി രൂപ നിർമ്മാണച്ചിലവ് കണക്കാക്കിക്കൊണ്ടുള്ള സിൽവർലൈൻ പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട് കെ.ആർ.ഡി.സി.എൽ പൂർത്തീകരിക്കുകയും സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടുകൂടി റെയിൽവേ മന്ത്രാലയത്തിനു സമർപ്പിക്കുകയും ചെയ്തു. ഡി.പി.ആർ അവലോകനത്തിന്റെ ഭാഗമായി റെയിൽവേ മന്ത്രാലയം ആവശ്യപ്പെട്ട അധിക വിവരങ്ങൾക്ക് സ്പഷ്ടീകരണം നൽകുകയും ചെയ്തിട്ടുണ്ട്. ഡി.പി.ആർ റെയിൽവേയിൽ അവലോകന ഘട്ടത്തിലാണ്.

**(ബി)** പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരമോ അനുമതിയോ ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** പദ്ധതിയുടെ സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് നിക്ഷേപപൂർവ്വ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനു തത്വത്തിലുള്ള അംഗീകാരം കേന്ദ്ര റെയിൽ മന്ത്രാലയത്തിൽ നിന്നും ലഭിച്ചിരുന്നു. തുടർന്ന് 63,941 കോടി രൂപ നിർമ്മാണച്ചിലവ് കണക്കാക്കിക്കൊണ്ടുള്ള സിൽവർലൈൻ പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട് കെ.ആർ.ഡി.സി.എൽ പൂർത്തീകരിക്കുകയും സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടുകൂടി റെയിൽവേ മന്ത്രാലയത്തിനു സമർപ്പിക്കുകയും ചെയ്തു. ഡി.പി.ആർ അവലോകനത്തിന്റെ ഭാഗമായി റെയിൽവേ മന്ത്രാലയം ആവശ്യപ്പെട്ട അധിക വിവരങ്ങൾക്ക് സ്പഷ്ടീകരണം നൽകുകയും ചെയ്തിട്ടുണ്ട്. ഡി.പി.ആർ റെയിൽവേയിൽ അവലോകന ഘട്ടത്തിലാണ്.

**(സി)** അംഗീകാരം ലഭിച്ചിട്ടില്ലെങ്കിൽ പദ്ധതിക്കായി പണം ചെലവഴിച്ചതിന്റെ കാരണം വിശദമാക്കാമോ;

**<u>മറുപടി:</u>** സിൽവർ ലൈൻ പദ്ധതിക്ക് കേന്ദ്ര റെയിൽ മന്ത്രാലയത്തിൽ തത്വത്തിലുള്ള അംഗീകാരം നൽകികൊണ്ട് ലഭ്യക്കിയ നിർദേശങ്ങളിൽ നിക്ഷേപപൂർവ്വ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പരാമർശിച്ചിരുന്നു. ആയതിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, ബൃഹദ് പദ്ധതികൾക്ക് ആവശ്യമായ സർവേ, ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ, ഭൂമി ഏറ്റെടുക്കലിനുള്ള ധനവിന്യാസം മുതലായവയ്ക്കായി 100 കോടി രൂപ വരെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് ചെലവാക്കാനുള്ള അംഗീകാരവും ഉൾപ്പെട്ടിരുന്നു.

**(ഡി)** പ്രസ്തുത പദ്ധതിക്കായി ഏറ്റെടുക്കാൻ ഉദ്ദേശിച്ച ഭൂമിയുടെ പൂർണ്ണമായ ക്രയവിക്രയാധികാരം ഭൂവുടമകൾക്ക് നൽകുന്നതിനായി നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കെ. റെയിൽ അടയാളപ്പെടുത്തിയ ഭൂമി ഈട് വച്ച് വായ്പ എടുക്കുന്നതിന് നിയമപരമായ തടസ്സങ്ങൾ യാതൊന്നുമില്ല. 2013 ലെ ഭൂമിയേറ്റെടുക്കൽ നിയമം: 11 -ാം വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ച ശേഷം വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമി ക്രയവിക്രയം ചെയ്യുന്നതിനു നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 11 (1) വിജ്ഞാപനം നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ല. പ്രസ്തുത വിജ്ഞാപന ശേഷം മാത്രമേ ഈ വ്യവസ്ഥകൾ ബാധകമാകുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**